**സബ്മിഷൻ**

1. കാര്യവട്ടം സർക്കാർ കോളേജിൽ പ്രിൻസിപ്പാളിനെ പൂട്ടിയിട്ടത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ തലസ്ഥാനത്ത് നടന്ന ദൗർഭാഗ്യകരമായ സംഭവമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പൂർത്തിയാക്കിയ അതേ കോഴ്സിൽ അതേ കോളേജിൽ പ്രവേശനാനുമതി തേടിയ എസ്.എഫ്.ഐ. നേതാവിനെ നിയമപ്രകാരം അഡ്മിഷൻ കൊടുക്കാൻ കഴിയില്ലെന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് അവിടെ നടന്ന അക്രമസംഭവങ്ങളാണ്. വനിതാ പ്രിൻസിപ്പാളിനെ തടഞ്ഞുവച്ചും കോളേജ് ഗേറ്റ് പൂട്ടിയിട്ടും പോലീസിനെ കൈകാര്യം ചെയ്തും നടത്തിയ സമരമാണ്. പഠിച്ച കോഴ്സിന് വീണ്ടും അതേ കോളേജിൽ അഡ്മിഷൻ വേണമെന്ന് പറഞ്ഞു അപേക്ഷിച്ചിരിക്കുകയാണ്. കോളേജിൽ കൗൺസിൽ കൂടി യൂണിവേഴ്സിറ്റി റെഗുലേഷൻസ് അനുസരിച്ച് പ്രവേശനം കൊടുക്കാൻ കഴിയില്ലെന്ന് ബഹുമാന്യയായ പ്രിൻസിപ്പാൾ അറിയിച്ചു. അതിനെത്തുടർന്ന് അവരെ പൂട്ടിയിട്ടു, കോളേജ് ഗേറ്റും പൂട്ടി. പോലീസ് വന്ന് അവരെ മോചിപ്പിച്ച് പോലീസ് വണ്ടിയിൽ പുറത്തേയ്ക്ക് പോകാൻപോലും സമ്മതിക്കാതെ ഗേറ്റിൽ സംഘർഷമുണ്ടാക്കി. ഗേറ്റിലെ

സംഘർഷം നീക്കാൻ പോലീസ് ശ്രമിച്ചപ്പോൾ പോലീസിനെ കയ്യേറ്റം ചെയ്തു. ഭയങ്കരമായ ക്രിമിനൽ ആക്ടിവിറ്റിയാണ് നടന്നത്. ഇതിനുമുമ്പ് മഹാരാജാസ് കോളേജിലെ പ്രിൻസിപ്പാളിന്റെ കസേരയെടുത്തു കൊണ്ടുപോയി കത്തിച്ചു. പാലക്കാട് വേറൊരു പ്രിൻസിപ്പാളിനെ റിട്ടയർ ചെയ്ത ദിവസം തന്നെ അവരുടെ ശവമഞ്ചം ഒരുക്കി പ്രതീകാത്മകമായി ശവസംസ്കാര കർമ്മം നടത്തി. ഒരു വനിത പ്രിൻസിപ്പാളിന് പോലീസ് ജീപ്പിൽ കയറി വീട്ടിൽ പോകേണ്ട ഗതികേട് വന്നു. ഈ അക്രമകാരികൾക്ക് എതിരായി ഏറ്റവും കർശനമായ നിയമനടപടികൾ സ്വീകരിക്കണം. ഇത്തരം സംഭവങ്ങൾ കേരളത്തിലെ ഒരു കലാലയത്തിലും ആവർത്തിക്കപ്പെടാൻ പാടില്ല. പ്രധാന അദ്ധ്യാപിക പ്രധാന അദ്ധ്യാപിക തന്നെയാണ്. പ്രിൻസിപ്പാളാണ്. ബഹുമാനപ്പെട്ട മന്ത്രി അദ്ധ്യാപിക ആയിരുന്ന ആളാണ്. ഇത്തരം ക്രിമിനലുകളെ ഒരു കാരണവശാലും ഇങ്ങനെ കയറൂരി വിടരുത്. നടക്കാൻ പാടില്ലാത്ത കാര്യം നടത്താൻ ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ അക്രമമാണ്. പോലീസിനെ വരെ അവർ ആക്രമിച്ചു. അന്വേഷണം നടത്തണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തിലെ സർവ്വകലാശാലകളിൽ ഇപ്പോൾ പ്രവേശന നടപടികൾ നടന്നുവരികയാണ്. സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ വഴിയാണ് പ്രവേശനം നടത്തുന്നത്. ഇതുപ്രകാരം വിദ്യാർത്ഥികൾ സർവ്വകലാശാല പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും മെറിറ്റ്/റിസർവ്വേഷൻ ക്വാട്ടകളിൽ വിദ്യാർത്ഥികളെ കോളേജുകളിലേക്ക് അലോട്ട് ചെയ്യുകയുമാണ് നിലവിലുള്ള രീതി. കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് രേഖകൾ പരിശോധിച്ച് പ്രവേശനം നൽകുകയാണ് ചെയ്യുന്നത്. രോഹിത് രാജ് എന്ന വിദ്യാർത്ഥി ഇപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ബി.എസ്.സി. സ്റ്റാറ്റിക്സ് ബിരുദ പഠനത്തിന് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്നതിനായി 22-08-2022-ൽ കാര്യവട്ടം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിനെ സമീപിച്ചു. ടി. വിദ്യാർത്ഥി 2018-2021 വർഷങ്ങളിൽ ഇതേ കോളേജിൽ ഇതേ കോഴ്സ് പഠിച്ചിരുന്നുവെന്ന് പൂർവ്വകാല രേഖകൾ പരിശോധിച്ചതുപ്രകാരം രോഹിത് രാജിന് കോളേജിൽ പ്രവേശനം

നൽകാൻ കഴിയില്ലെന്നും പ്രിൻസിപ്പാൾ അറിയിച്ചതിനെത്തുടർന്ന് പ്രിൻസിപ്പാളിനോട് ബന്ധപ്പെട്ട വിഷയം സംസാരിക്കാൻ മറ്റുചില വിദ്യാർത്ഥികൾ എത്തുകയും വിദ്യാർത്ഥികളോട് കാര്യങ്ങൾ പ്രിൻസിപ്പാൾ വിശദീകരിച്ചുവെങ്കിലും അതിൽ തൃപ്തരാകാതെ വിദ്യാർത്ഥികൾ വൈകുന്നേരം 4.30-ഓടെ പ്രിൻസിപ്പാളിന്റെ ഓഫീസ് മുറിക്കുമുമ്പിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുകയും പ്രിൻസിപ്പാൾ ആവശ്യപ്പെട്ടതുപ്രകാരം കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ടീം സംഭവസ്ഥലത്തെത്തി സമരക്കാരെ അനുനയിപ്പിക്കാൻ ശ്രമിക്കുകയും പ്രിൻസിപ്പാളിനെ കോളേജിന് പുറത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ഉന്തുതള്ളുമുണ്ടായതായി റിപ്പോർട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴക്കൂട്ടം പോലീസ് ക്രൈം നമ്പർ 1106/2022 ആയി കേസ് രജിസ്റ്റർ ചെയ്യുകയും 6 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു. പ്രിൻസിപ്പാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 1107/2022 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് കോളേജിന്റെ അധ്യയനം തടസ്സപ്പെട്ടിട്ടില്ല. കോളേജിലുണ്ടായ സംഭവങ്ങളെപ്പറ്റി വിശദമായി പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ കോളേജ്

വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 2. ഓൺലൈൻ റമ്മി നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇരുപതോളം യുവതീയുവാക്കളെ ആത്മഹത്യയിലേക്ക് നയിക്കുകയും ലക്ഷക്കണക്കിന് ആളുകൾക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഓൺലൈൻ ഗെയിമായ റമ്മി നിയമംമൂലം നിരോധിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നിരുപദ്രവമെന്ന് തോന്നിപ്പിക്കാവുന്ന ഒട്ടനവധി ഓൺലൈൻ ഗെയിമുകൾ ഇന്ന് നമ്മുടെ നാട്ടിൽ വന്നിട്ടുണ്ട്. ഇത്തരം ഓൺലൈൻ ഗെയിമുകളൊക്കെ തന്നെ ആദ്യം തുടങ്ങുന്നത് ഒരു കളിയെന്ന പേരിലും വിനോദോപാധിയെന്നുള്ള നിലയ്ക്കാണ്. പക്ഷേ, അൽപ്പം മുന്നോട്ടുപോയി കഴിഞ്ഞാലാണ് ഇതിന്റെ ചതിക്കുഴികൾ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ ഒട്ടനവധി കുടുംബങ്ങളിലെ കുട്ടികൾ ഇത്തരം കളികളിൽ ഏർപ്പെട്ട് പല ആപ്പുകളും വഴി ലോണുകളെടുത്തും പലരിൽനിന്നും പണം കടംവാങ്ങിയും അതുപോലെ വീടുകളിൽ സ്വർണ്ണം പണയം വച്ചുപോലും ഇത്തരം കളികളിൽ ഏർപ്പെട്ട് ഇന്ന് വളരെയധികം പ്രയാസപ്പെടുന്ന ഒരു സാഹചര്യത്തിലാണ് നിൽക്കുന്നത്. ചുരുങ്ങിയ

സമയത്തിനുള്ളിൽ ധാരാളം പണം കണ്ടെത്താൻ കഴിയുന്ന ഒരു ഉപാധിയെന്നുള്ള നിലയ്ക്കും ഇതിനെ കാണുന്നു. അവസാനം തിരിച്ചുവരാൻ വഴിയില്ലാതെ ആത്മഹത്യയിലേക്ക് പോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. കേരളത്തിലെ ഒരു പ്രധാനപ്പെട്ട മാധ്യമ പ്രവർത്തകൻവരെ ഇത്തരത്തിലുള്ള ഓൺലൈൻ റമ്മിയുടെ ഭാഗമായി ലക്ഷകണക്കിന് രൂപ കടംവന്നാണ് മരണപ്പെട്ടതെന്നുള്ള വാർത്തയും വന്നിട്ടുള്ളതാണ്. അതുമാത്രമല്ല ഒട്ടനവധി ചെറുപ്പക്കാർ ഈ രീതിയിലുള്ള കാര്യങ്ങളിൽ ഇടപെടുകയും പിന്നീട് സാമ്പത്തികമായി തകർന്ന് ജീവിതം അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യമാണുള്ളത്. ഗവൺമെന്റ് ഈയൊരു കാര്യത്തെ വളരെ ഗൗരവത്തോടുകൂടി നേരത്തേ കണ്ടുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. 2021-ൽ തന്നെ ഗെയിം നിരോധിച്ച സാഹചര്യമുണ്ടായി. പക്ഷേ ആ നിരോധനത്തെ മറികടക്കുവാൻ ഇതുമായി ബന്ധപ്പെട്ട കമ്പനികൾ ഹൈക്കോടതിയിൽ പോയി, ശക്തമായ രീതിയിൽ സമ്മർദ്ദം ചെലുത്തുകയും അവരുടെ വാദങ്ങൾ ഹൈക്കോടതി അംഗീകരിക്കുകയും നമ്മൾ കൊണ്ടുവന്ന നിയമം ഇന്ന് പ്രാബല്യത്തിൽ ഇല്ലാത്ത സാഹചര്യമാണുള്ളത്. ഇന്ത്യയിലെ ഏറ്റവും വലിയ മാർക്കറ്റായി ഇന്ന് കേരളം

മാറിയിരിക്കുകയാണ്. 5 മുതൽ 80 വയസ്സുവരെയുള്ളവരുടെ കയ്യിൽ ഫോണുണ്ട്. ഇത്തരത്തിലുള്ള ഗെയിമുകളുടെ ഭാഗമാണ്. മുമ്പ് 8 കമ്പനികളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 18 കമ്പനികളാണ് കേരളത്തിലുള്ളതെന്ന് പറയുന്നു. സൗത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വരുമാനം അവർക്ക് ലഭിക്കുന്നത് കേരളത്തിൽ നിന്നാണെന്ന് പറയുന്നു. മുമ്പ് നിയമംമൂലം ഇത് നിരോധിച്ചിരുന്നുവെങ്കിലും പിന്നീടത് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. പക്ഷേ നമുക്ക് ശക്തമായ നിയമത്തിലൂടെ തന്നെ അത് വീണ്ടും നിരോധിക്കാൻ കഴിയും. 1960-ലെ കേരള ഗെയിംസ് ആക്ട് സെക്ഷൻ 14 (എ) ഭേദഗതി ചെയ്താൽ ഓൺലൈൻ റമ്മി പൂർണ്ണമായും നിരോധിക്കാവുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് നിയമംമൂലം ഇത് നിരോധിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വലിയ സാമൂഹ്യ പ്രസക്തിയുള്ളൊരു കാര്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ സംസ്ഥാനത്ത് പണം വച്ചുള്ള ഓൺലൈൻ റമ്മികളി നിരവധി പേരെ വൻ സാമ്പത്തിക ബാദ്ധ്യതയിലേക്കും

ആത്മഹത്യയിലേക്കും തള്ളിവിട്ട സാഹചര്യത്തിൽ 2021 ഫെബ്രുവരിയിൽ 1960-ലെ കേരള ഗെയിമിംഗ് ആക്ട് ഭേദഗതി ചെയ്ത് പന്തയം വച്ചുള്ള ഓൺലൈൻ റമ്മികളി നിരോധിക്കുകയുണ്ടായി. എന്നാൽ ഇതിനെതിരെ വിവിധ ഗെയിമിംഗ് കമ്പനികൾ ഫയൽ ചെയ്ത റിട്ട് ഹർജികളിലെ 27-09-2021-ലെ വിധിന്യായപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് പ്രസ്തുത ഭേദഗതി റദ്ദാക്കി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുട്ടികളടക്കം ഏതുപ്രായത്തിലുള്ളവർക്കും ലളിതമായും സൗജന്യമായും അക്കൗണ്ട് തുടങ്ങാവുന്ന തരത്തിലാണ് ഓൺലൈൻ ഗെയിം സൈറ്റുകൾ വൻസമ്മാന തുക വാഗ്ദാനം ചെയ്തും ആകർഷകമായ ഓഫർ നൽകിയുമാണ് ആളുകളെ ആകർഷിക്കുന്നത്. ആദ്യം ഫ്രീ ഗെയിമുകളാണ് ഓഫർ നൽകുന്നത്. പിന്നീട് അടിമപ്പെടുത്തി ചൂതാട്ടത്തിലേക്ക് നയിക്കുന്നതുമാണ് ഗെയിമിംഗ് കമ്പനികളുടെ രീതി. ഇതിന്റെ അഡ്മിൻമാർ നിരന്തരം കളി നിരീക്ഷിക്കും. കൂടുതൽ കളിക്കുന്നതിനുള്ള പ്രേരണ നൽകും. പിന്നീട് ഇവരെ ചതിക്കുഴികളിൽ നിന്ന് രക്ഷപ്പെടാനാവാത്ത സ്ഥിതിയിലേക്ക് വീഴുകയും

ചെയ്യുകയാണുണ്ടാകുന്നത്. എതിർഭാഗത്ത് ആരാണ് കളിക്കുന്നത് എന്നതിന് യാതൊരു വ്യക്തതയുമില്ല. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രോഗ്രാമുകളാണ് എതിർഭാഗത്ത് കളി നിയന്ത്രിക്കുന്നത് എന്നുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. ഓൺലൈൻ റമ്മികളിക്ക് പ്രചാരമേറിയതോടെ ഇതിനായി വായ്പ നൽകുന്ന മൊബൈൽ ആപ്പുകളും ഓൺലൈൻ വായ്പാ പരസ്യങ്ങളും വ്യാപകമായി. ചെറിയ കളികളിലൂടെ പണം നഷ്ടപ്പെട്ടവർ വായ്പ എടുത്ത് കളിക്കുന്ന നിലയുണ്ട്. പണം സമയത്ത് തിരികെ നൽകാത്തതുമൂലം പലർക്കും ഭീഷണിയും ബ്ലാക്ക് മെയിലിംഗും നേരിടേണ്ടി വരികയും ലക്ഷങ്ങൾ നഷ്ടമാകുന്നതോടെ ആത്മഹത്യയിലേക്ക് പോകുന്ന സാഹചര്യവുമാണുണ്ടാകുന്നത്. അതേസമയം ഒരു ഭാഗത്ത് ഓൺലൈൻ റമ്മിയിലേക്ക് ആളുകളെ ആകർഷിക്കുന്നതിനായി വൻതോതിൽ പരസ്യപ്രചാരണവും നടക്കുന്നു. കലാരംഗത്തെ പ്രമുഖർ ഇത്തരം പരസ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട് ഓൺലൈൻ ഗെയിമിനെ പ്രോത്സാഹിപ്പിക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിയുമുണ്ട്. സാമൂഹിക വിപത്തിന് കൂട്ടുനിൽക്കുന്ന ഇത്തരം നടപടികളിൽ നിന്ന് ചിലരെങ്കിലും പിന്മാറാൻ തയ്യാറായത് അനുകരണീയമായ മാതൃകയാണ്.

ഓൺലൈൻ റമ്മികളിക്ക് നിലവിൽ നിരോധനമില്ലാത്ത സാഹചര്യത്തിൽ പോലീസ് ഉൾപ്പെടെ വിവിധ വകുപ്പുകൾ സ്കൂളുകളിലും കോളേജുകളിലുമടക്കം ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാണ്. സോഷ്യൽ പോലീസിംഗ് സംവിധാനവും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ വിവിധ പദ്ധതികൾ വഴിയും മാധ്യമങ്ങൾ മുഖേനയുമുള്ള ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. ഓൺലൈൻ റമ്മികളിയുടെ പേരിലുള്ള തട്ടിപ്പുകൾക്കും മറ്റ് സൈബർ കുറ്റകൃത്യങ്ങൾക്കുമെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി റമ്മിയുൾപ്പെടെയുള്ള ഓൺലൈൻ ഗെയിമുകൾ ശക്തമായി നിയന്ത്രിക്കുന്നതിനുള്ള പഴുതടച്ചതും ഫലപ്രദവുമായ നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

### 3. കുറ്റ്യാടി പുഴയോര സംരക്ഷണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി പുഴയോരം സംരക്ഷിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 168.42 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള മണ്ഡലമാണ് കുറ്റ്യാടി. എന്റെ

മണ്ഡലത്തിന്റെ വിസ്തീർണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. മണ്ഡലത്തിന്റെ കിഴക്കേ അതിർത്തിയിൽ ഏകദേശം 33 കിലോമീറ്റർ ദൂരത്തിൽ കുറ്റ്യാടി പുഴ ഒഴുകുകയാണ്. വേളം, കുറ്റ്യാടി, ആയഞ്ചേരി, മണിയൂർ തുടങ്ങിയ പഞ്ചായത്തുകളിലൂടെ കൃഷിസ്ഥലങ്ങളും കൃഷിയിടങ്ങളും വെള്ളത്തിലൊഴുകിപ്പോയി വലിയ രൂപത്തിലുള്ള നാശനഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിരവധി വീടുകളും കൃഷിയിടങ്ങളും ഏതുനിമിഷവും ഒഴുകിപ്പോകുമെന്നുള്ള അവസ്ഥയിലാണ്. ഭയവിഹ്വലരായിട്ടാണ് പുഴയോരവാസികൾ കഴിയുന്നത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ 33 കിലോമീറ്റർ ദൈർഘ്യമുള്ള കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനുവേണ്ടി നാമമാത്രമായ സാമ്പത്തിക സഹായം മാത്രമേ ലഭ്യമായിട്ടുള്ളൂ. കുറ്റ്യാടി, വേളം, തിരുവള്ളൂർ, മണിയൂർ പഞ്ചായത്തുകളിലെ ഏറ്റവും കൂടുതൽ അപകടം നിലനിൽക്കുന്ന പുഴയോര ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് 11.37 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് അടിയന്തരമായി അംഗീകാരം നൽകണമെന്നും സ്ഥലം നഷ്ടപ്പെട്ട ഉടമകൾക്ക് നഷ്ടപരിഹാരം നൽകണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രത്യേകിച്ച്, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഉദ്ദേശം 33.33 കിലോമീറ്റർ നീളത്തിൽ കടന്നുപോകുന്ന കുറ്റ്യാടി പുഴയുടെ വിവിധ ഭാഗങ്ങളിൽ കാലാകാലങ്ങളായുള്ള പുഴയുടെ ശക്തമായ ഒഴുക്ക് കാരണം പലയിടങ്ങളിലും കരയിടിച്ചിൽ സംഭവിച്ചിട്ടുണ്ട്. കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി 7 പ്രവൃത്തികൾക്ക് അംഗീകാരം നൽകി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 40.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി വേളം പഞ്ചായത്തിലെ ചോയിമഠം കക്കടവത്ത് എന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി, തിരുവള്ളൂർ, വേളം, മണിയൂർ, എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുഴത്തീരം കെട്ടി സംരക്ഷിക്കുന്നതിന് വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്

തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനാണ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളത്.

മാത്രമല്ല, കേരളത്തിൽ പൊതുവെ കാണുന്ന ഫ്ലഡ് കൺട്രോൾ ചെയ്യാനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനുള്ള ഒരു പഠനം ആവശ്യമായി വന്നിരിക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട ഒരു വിഷയം. കുറ്റ്യാടി പുഴയുടെ ഭാഗമായി തന്നെയാണ് കക്കയം പെരുവണ്ണാമൂഴി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നത്. ഇത് വടകര വഴി അറബിക്കടലിലേക്കാണ് എത്തിച്ചേരേണ്ടത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചന നടത്തി കേരളത്തിൽ പൊതുവെ ഉണ്ടായിട്ടുള്ള ഫ്ലഡ് കൺട്രോൾ ചെയ്യാനുതകുന്ന വിധത്തിലുള്ള ഡാമുകളെക്കുറിച്ച് കേരളമൊന്നാകെ ഒരു സ്കെച്ചായി കണ്ട് ഒരു പഠനം നടത്താനും അവിടങ്ങളിൽ പവർ ജനറേഷന് സാധ്യതയും അതോടൊപ്പം ഇറിഗേഷൻ സാധ്യതയും പരിശോധിക്കുവാനും അതിലൂടെ കേരളത്തിലുണ്ടാകുന്ന ഫ്ലഡ് കൺട്രോൾ ചെയ്യാൻ സാധിക്കത്തക്ക ഒരു സാഹചര്യം സൃഷ്ടിക്കാനുമുള്ള ഒരു പഠനത്തിനുകൂടി രൂപം നൽകാൻ ഞങ്ങൾ തീരുമാനിക്കുകയാണ്. അതിന്റെ ഭാഗമായിട്ടുകൂടി ഇത്തരം കാര്യങ്ങളെ കാണാതെ..., പുഴയോരം പൂർണ്ണമായും

കെട്ടിസംരക്ഷിക്കാനുള്ള തുക ഒരുതരത്തിലും കണ്ടെത്താൻ നമുക്ക് സാധിക്കുന്നില്ല. ഇത്തരം പദ്ധതികൾ വിഭാവന ചെയ്ത് ആ പ്രദേശത്തെ സംരക്ഷിക്കുവാനുള്ള ഒരു സ്പെഷ്യൽ സ്കീം രൂപപ്പെടുത്താമോ എന്നുകൂടി ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

4. വയനാട്- കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, സംസ്ഥാനത്തെ വൈദ്യുതി പ്രസരണം സുഗമമാക്കുന്നതിന്റെ ഭാഗമായി നിർമ്മാണം ആരംഭിക്കുന്ന കാസർഗോഡ്-വയനാട് നോർത്ത് ഗ്രീൻ കോറിഡോർ 400 കെ.വി. ലൈൻ പദ്ധതിമൂലം ഇത് കടന്നുപോകുന്ന മേഖലയിലെ കർഷക ജനവിഭാഗങ്ങൾക്കുണ്ടാക്കിയ ആശങ്കകൾ ഉടൻ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ.

കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ സാമാജികർ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് നിവേദനം നൽകുകയും ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ ഉന്നതതല യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. അതിന് നന്ദിയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയകറ്റുന്ന തീരുമാനങ്ങൾ ഉടൻ

പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ഈ പദ്ധതിയെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുന്നു. എല്ലാ പിന്തുണയും നൽകുന്നു. എന്നാൽ ഇതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയിരക്കണക്കിന് ആളുകളെ കുടിയിറക്കുന്ന വിധത്തിലുള്ള നടപടി ആർക്കും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. നിർദ്ദിഷ്ട 400 കെ.വി. ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെയും കൃഷി ഭൂമിയിലൂടെയുമാണ് കടന്നുപോകുന്നത്. ഇതിൽ കൃഷിഭൂമി വിട്ടുനൽകേണ്ടി വരുന്ന 95% ആളുകളും പാവപ്പെട്ട നാമമാത്ര കർഷകരാണ്. അവരിപ്പോൾത്തന്നെ കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം വലിയൊരു വറുതിയിലാണുള്ളത്. ടവർ നിർമ്മാണത്തിനും ലൈൻ കടന്നുപോകുന്ന റൂട്ടിൽ 46 മീറ്റർ വീതിയിൽ ബഫർ സോണായും നിജപ്പെടുത്തുമ്പോൾ കർഷകർക്ക് വലിയ നഷ്ടമാണ് ഉണ്ടാകുക. ഇവിടെ കൃഷി ചെയ്യാനോ വീട് നിർമ്മിക്കുവാനോ സാധിക്കാത്ത അവസ്ഥയാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക വളരെ തുച്ഛമാണ്. ഇരകളായ ജനങ്ങളെ അവഹേളിക്കുന്നൊരു വിലയാണ് ഇപ്പോഴിട്ടിരിക്കുന്നത്. ടവർ സ്റ്റാൻഡിംഗ് ഏരിയയ്ക്ക് ഭൂമിയുടെ ഫെയർ വാല്യുവിന്റെ 85 ശതമാനവും ലൈൻ കോറിഡോറിന് ഫെയർ

വാല്യുവിന്റെ 15 ശതമാനവുമാണ് നഷ്ടപരിഹാരം. മലയോര മേഖലകളിലെ ഫെയർ വാല്യു വളരെ കുറവാണെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ഏരുവേശ്ശി, നടുവിൽ, ആലക്കോട്, ഉദയഗിരി എന്നീ 6 പഞ്ചായത്തുകളിലൂടെ ഈ ലൈൻ കടന്നുപോകുകയാണ്. പേരാവൂർ മണ്ഡലം, കാസർഗോഡ് ജില്ലയിലെ മുഴുവൻ നിയോജകമണ്ഡലങ്ങൾ എന്നിങ്ങനെ നിരവധി നിയോജകമണ്ഡലങ്ങളിലൂടെയാണ് ഇത് കടന്നുപോകുന്നത്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ജനപ്രതിനിധികളുമായോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ജനങ്ങളുമായോ ഒരു ചർച്ചയുമില്ലാതെ, അവരെ കേൾക്കാതെ കാര്യങ്ങൾ രഹസ്യമായി മുന്നോട്ട് കൊണ്ടുപോകുന്ന നടപടിയാണത്. ഇത് പ്രതിഷേധാർഹമാണ്. ഈ ആശങ്കമൂലം കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളെല്ലാംതന്നെ പ്രക്ഷോഭത്തിന് ഒരുങ്ങുകയാണ്. അതിനുള്ളൊരു സാഹചര്യം അവിടെ ഒഴിവാക്കണം.

കർഷകർക്ക് ഭീഷണി സ്വരത്തിലൂടെയുള്ള നോട്ടീസാണ് കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നൽകുന്നത്. നഷ്ടപരിഹാരം നൽകുന്നതിന് ന്യായമായ തുക നിശ്ചയിക്കുന്നതുവരെ സർവ്വേ നടപടികൾ

നിർത്തിവയ്ക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. പ്രധാനപ്പെട്ട മൂന്നുനാല് ആവശ്യങ്ങളാണ് ജനങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. ജനവാസ മേഖലകളെ പരമാവധി ഒഴിവാക്കി വനാതിർത്തിയോട് ചേർന്നുള്ള പുതിയൊരു അലൈൻമെന്റ് പരിശോധിക്കണം. മറ്റൊന്ന് പ്രധാനപ്പെട്ടത്, ടവർ സ്ഥാപിക്കുന്ന സ്ഥലത്തിനും ബഫർ സോണായി നിശ്ചയിക്കുന്ന സ്ഥലത്തിനും മാർക്കറ്റ് വിലയുടെ രണ്ടിരട്ടി തുക നഷ്ടപരിഹാരമായി നിശ്ചയിക്കണം. ഇടമൺ-കൊച്ചി പ്രസരണ ലൈനിന് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനായി സർക്കാർ സ്പെഷ്യൽ പാക്കേജ് ഇപ്പോൾ പ്രഖ്യാപിച്ചിരുന്നു. അത്തരത്തിൽ ഈ പദ്ധതിക്കും ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണം. അതുപോലെ ദേശീയപാത, എയർപോർട്ട് എന്നിവയ്ക്ക് സ്ഥലം ഏറ്റെടുത്ത മാതൃകയിൽത്തന്നെ നഷ്ടപരിഹാരം നൽകണം. ഇപ്പോഴുള്ള നഷ്ടപരിഹാരത്തുക വളരെ പരിമിതമാണ്. ഫെയർ വാല്യുവിന്റെ 15%, 85% എന്നുപറയുന്നത് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. ബഹുമാന്യരായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം വളരെ ശക്തമായി ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമായിത്തന്നെ ആലോചിക്കുന്നതാണ് എന്നാണ് ആദ്യമേതന്നെ എനിക്ക് പറയുവാനുള്ളത്. വയനാട്-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കെ.എസ്.ഇ.ബി.എൽ. നഷ്ടപരിഹാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച് പ്രസരണലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ നഗര പരിധിയിലൂടെയാണ് ലൈൻ കടന്നുപോകുന്നതെങ്കിൽ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവില 15% അധികമായി നൽകുന്നതാണ്. പ്രസരണലൈൻ നിർമ്മിക്കുന്നതുമൂലമുണ്ടാകുന്ന വിളകളുടെയും മരങ്ങളുടെയും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമേയാണിത്. ബഹുമാനപ്പെട്ട സാമാജികരുമായൊക്കെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈൻ നിർമ്മാണം സംബന്ധിച്ച് ബന്ധപ്പെട്ട കളക്ടർമാരിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്പെഷ്യൽ പാക്കേജ്

രൂപപ്പെടുത്തുന്നതിനായി സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാർക്ക് 10 വർഷത്തെ കാത്തിരിപ്പിനുശേഷം 2021-ൽ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചു. 2019 മുതൽ നടപ്പിലാക്കത്തക്ക നിലയിലാണ് ഉത്തരവ്. പ്രഖ്യാപിച്ച പരിഷ്കരണത്തിൽ അപാകതകളുണ്ടായി. അപാകതകൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് ദേവസ്വം ബോർഡ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തതിനെ തുടർന്ന് ജീവനക്കാർ പ്രക്ഷോഭത്തിലാണ്. പ്രശ്നം പരിഹരിക്കാൻ സർക്കാർ ഇടപെടണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടാകണം. ക്ഷേത്രങ്ങളും ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കണം. ഇക്കാര്യം പരിഗണിച്ച് മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള അടിയന്തരനടപടിയും സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷൻ നേരത്തെ ഈ സഭയിൽ ചർച്ച ചെയ്ത കാര്യമാണ്. അതായത്, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് 12.02.2021-ലാണ് സർക്കാർ ഉത്തരവായത്. 01.01.2019 മുതൽ മുൻകാലപ്രാബല്യം നൽകിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൽ ചില അനോമലികൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിച്ചുകൊണ്ട് 11.01.2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗത്തിന്റെ 64-ാം നമ്പർ തീരുമാനപ്രകാരം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയും സർക്കാരിന്റെ സാധൂകരണത്തിന് സമർപ്പിക്കുകയും ചെയ്തു. ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലെ അനോമലികൾ ബോർഡ് നേരിട്ട് പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നങ്ങളും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13.07.2022-ലെ ദേവസ്വം ബോർഡ് ഈ വിഷയം ചർച്ച ചെയ്യുകയും പുതുക്കിയ ശിപാർശകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കമ്മീഷണർ സർക്കാരിലേയ്ക്ക്

അയക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പ് അത് പരിശോധിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം എത്രയുംപെട്ടെന്ന് ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്. അനോമലികൾ പരിഹരിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നതാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയമ പരിഷ്കരണത്തെ സംബന്ധിച്ചാണ്. പ്രസ്തുത നിയമം തയ്യാറാക്കിയിട്ടുണ്ട്. അടുത്ത നിയമ നിർമ്മാണം നടക്കുന്ന സന്ദർഭത്തിൽ പ്രസ്തുത നിയമം പാസ്സാക്കിയെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### 6. സർക്കാർ സ്കൂളുകളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യൽ

ശ്രീ. എം. നൗഷാദ്: സർ, നമ്മുടെ വിദ്യാലയങ്ങളിലെ ഇ-വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ.

നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല വിവിധ തലങ്ങളിൽ ലോകത്തിനുതന്നെ മാതൃകയാണ്. കേരളത്തിലെ 14 ജില്ലകളിലായി

പന്തീരായിരത്തോളം പൊതുവിദ്യാലയങ്ങളാണ് നമുക്കുള്ളത്. 4700 സർക്കാർ സ്കൂളുകളും 7200 എയ്ഡഡ് സ്കൂളുകളുമാണ്. അതിൽത്തന്നെ 2597 എൽ.പി. സ്കൂളുകളും 873 യു.പി. സ്കൂളുകളുമാണ് നമുക്കുള്ളത്. പ്രാഥമികതലം മുതൽ ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസത്തിനാണ് നമ്മൾ ഊന്നൽ നൽകുന്നത്. പ്രൊപ്രൈറ്ററി സോഫ്റ്റ്വെയർ കുത്തകകളെ പൂർണ്ണമായും ഒഴിവാക്കി ഫ്രീ സോഫ്റ്റ്വെയർ (ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ) ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസ രീതിയാണ് നമ്മൾ നടത്തുന്നത്. ലോകത്തെ ഫ്രീ സോഫ്റ്റ്വെയറിന്റെ അതികായൻമാരിലൊരാളായ റിച്ചാർഡ് സ്റ്റാൾമാൻ ഉൾപ്പെടെയുള്ളവരുടെ അംഗീകാരവും ആദരവും ലഭിച്ചിട്ടുള്ളതാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. പക്ഷേ വർഷങ്ങൾക്ക് മുമ്പുള്ള Ubuntu 18.04 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റമാണ് നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഐ.റ്റി. മിഷനും കൈറ്റുമാണ് (KITE- Kerala Infrastructure and Technology for Education) ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അതിന്റെ പുതിയ വേർഷനായ Ubuntu 20.10 എന്ന പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം തയ്യാറായിക്കഴിഞ്ഞു. അത് ഉടൻതന്നെ പ്രാബല്യത്തിൽ വരികയും ചെയ്യും.

2005-06 കാലഘട്ടം മുതൽ നമ്മുടെ എൽ.പി., യു.പി. സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ പലതും 128 MB, 256 MB, 512 MB റാമുകളുള്ളതും 32 GB മെമ്മറി സ്പേസ് മാത്രമുള്ളവയാണ്. ഇന്നത്തെ കാലഘട്ടത്തിൽ അതുപയോഗിച്ചുള്ള ഐ.റ്റി. പഠനം അസാധ്യമാണ്. അതുകൊണ്ടുതന്നെ വിദ്യാലയങ്ങളിൽ ഈ കമ്പ്യൂട്ടറുകളെല്ലാംതന്നെ ഇപ്പോൾ കുന്നുകൂട്ടിയിട്ടിരിക്കുകയാണ്. ഇവ ക്ലാസ് മുറികളിൽ ഡംമ്പ് ചെയ്തിരിക്കുന്നതിന്റെ ഭാഗമായി പഠന സൗകര്യങ്ങൾ കുറയുകയും ഇ-വേസ്റ്റുകൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇ-വേസ്റ്റുകൾ ഒഴിവാക്കി ക്ലാസ് മുറികൾ പഠന സൗകര്യത്തിന് സജ്ജമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എം. നൗഷാദ് എം.എൽ.എ. ഉന്നയിച്ച ഇ-മാലിന്യത്തെ സംബന്ധിച്ച കാര്യം വളരെ ഗൗരവമുള്ള വിഷയംതന്നെയാണ്. അദ്ദേഹം നല്ലതുപോലെ ഗൃഹപാഠം ചെയ്താണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഹൈടെക് ഉപകരണങ്ങളിൽ 2008 മാർച്ച് മാസം 31-ന് മുൻപ് നൽകിയവയിൽ പ്രവർത്തന യോഗ്യമല്ലാത്തവ സ്കൂൾതല സമിതി പരിശോധിച്ച് ഇ-മാലിന്യ വിഭാഗത്തിൽ ഉൾപ്പെടുത്താനും ഇവ ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി വഴി ശേഖരിക്കുന്നതിനും 2017 ജൂൺ 20-ലെ സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ 14 വരെയുള്ള 741 ടൺ ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയ ഏജൻസികൾവഴി വിദ്യാലയങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം 2008 മാർച്ച് 31-ന് ശേഷം ലഭിച്ച ഉപകരണങ്ങളുടെയും 2008 മാർച്ച് 31-ന് ശേഷം ലഭിച്ച വോൾട്ട്-ആമ്പിയർ, യു.പി.എസ്., സി.ആർ.ടി. മോണിറ്റർ, കീ ബോർഡ്, മൗസ് എന്നിവയുടെയും കാര്യത്തിൽ സ്കൂൾതല സമിതി പരിശോധിച്ച് വിശദാംശങ്ങൾ KITE-നെ അറിയിക്കുകയും KITE ചുമതലപ്പെടുത്തുന്ന സാങ്കേതിക വിദഗ്ധരുടെ പരിശോധനയ്ക്കുശേഷം മാത്രം ഇവ ഇ-മാലിന്യമായി പരിഗണിക്കുന്നതിനും ആയതിനുശേഷം അവയുടെ നിർമ്മാർജ്ജനം രണ്ടാംഘട്ടമായി നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം

പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ-മാലിന്യം എന്നുള്ള നിലയിൽ മാറ്റേണ്ട അവസ്ഥ ഉണ്ടായിരുന്നാലും ഗവൺമെന്റ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ അത് മാറ്റാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുള്ള കാലതാമസം സ്വാഭാവികമായും ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ സ്കൂളുകളിൽ ഇ-വേസ്റ്റ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായിത്തന്നെ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കാം.

7. ആറ്റിങ്ങലിലെ ദേശീയ പാതാ വികസനം

ശ്രീമതി ഒ. എസ്. അംബിക: സർ, ദേശീയ പാതയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനും ഇടയിലെ പ്രധാന പട്ടണമാണ് ആറ്റിങ്ങൽ. രൂക്ഷമായ ഗതാഗതകുരുക്കായിരുന്നു ആറ്റിങ്ങലിലേത്. ഈ പട്ടണത്തിലെ ദേശീയപാതാ വികസനം സംസ്ഥാനത്തിനു തന്നെ മാതൃകയായാണ് നടപ്പിലാക്കിയത്. പുറമ്പോക്ക് ഭൂമിയേറ്റെടുത്തും, ലക്ഷങ്ങൾ വിലയുള്ള ഭൂമി നാട്ടുകാർ സൗജന്യമായി വിട്ടു നൽകിയുമാണ്

വികസനത്തിനാവശ്യമായ സ്ഥലം കണ്ടെത്താനായത്. ദേശീയപാതാ വികസനത്തിനുള്ള തുക സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. പട്ടണത്തിലെ ഗതാഗതകുരുക്കിന് വലിയതോതിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെങ്കിലും പ്രധാന ജംഗ്ഷനായ കച്ചേരിനടയിൽ ഇപ്പോഴും ഗതാഗതകുരുക്ക് അനുഭവപ്പെടുന്നുണ്ട്. സമീപത്തെ പോസ്റ്റ് ഓഫീസിന്റെ സ്ഥലം വിട്ടുകിട്ടാത്തതാണ് കാരണം. ഈ സ്ഥലം വിട്ടുകിട്ടേണ്ടതിന്റെ ആവശ്യകത സഭയെ ഞാൻ ബോദ്ധ്യപ്പെടുത്തുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഒ. എസ്. അംബിക ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ആറ്റിങ്ങൽ ജംഗ്ഷനിലെ കച്ചേരിനട പോസ്റ്റ് ഓഫീസിന്റെ 2.43 സെന്റ് ഭൂമി ലഭിച്ചാൽ അവിടത്തെ ഗതാഗതകുരുക്കിന് പരിഹാരം കാണാൻ സാധിക്കും. നേരത്തെ ഈ ഗതാഗതകുരുക്കുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി തന്നെ നടപ്പിലാക്കിയിരുന്നു. അംഗം ഇവിടെ സൂചിപ്പിച്ചിരുന്നു, ഞാൻ ആവർത്തിക്കുന്നില്ല. ഈ പ്രശ്നംകൂടി പരിഹരിച്ചു പോകേണ്ടതാണ്. പോസ്റ്റ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലമെന്നുള്ള

നിലയിൽ അത് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. ഇതിനും തുടർച്ചയായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഭൂമി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായി രണ്ട് തവണ കേന്ദ്ര വാർത്താവിനിമയ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്; ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല എന്നാലും ശ്രമം തുടരുകയാണ്. ഇതുപോലെ പോസ്റ്റ് ഓഫീസിന്റെ സ്ഥലം റോഡ് വികസനത്തിനും മറ്റുമായി പലയിടങ്ങളിലും ആവശ്യമുണ്ട്. കേരളത്തിലെ ചില നിയമസഭാ മണ്ഡലങ്ങളുടെ റിവ്യൂ നടത്തിയപ്പോൾ ഇതിനു സമാനമായ പ്രശ്നങ്ങൾ ഉള്ളതായി ഓർക്കുന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ആറന്മുള നിയോജകമണ്ഡലത്തിലും പോസ്റ്റ് ഓഫീസിന്റെ സ്ഥലത്തിന്റെ പ്രശ്നമുണ്ടെന്നുകരുതുന്നു. അതുപോലെ ഒന്നുരണ്ട് മണ്ഡലങ്ങളിൽ പോസ്റ്റ് ഓഫീസിന്റെ സ്ഥലവുമായി ബന്ധപ്പെട്ട് ഇതുപോലുള്ള പ്രശ്നങ്ങൾ റിവ്യൂ നടത്തിയ സമയത്ത് ശ്രദ്ധയിൽ ഉണ്ട്. പോസ്റ്റ് ഓഫീസുകളിൽ നിന്നും സ്ഥലമേറ്റെടുക്കേണ്ട വിഷയം വളരെ പ്രധാനമായി ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. പൊതുമരാമത്തു വകുപ്പു സെക്രട്ടറിയെത്തന്നെ ഈ വിഷയം പരിഹരിക്കാൻ വേണ്ടി, കേന്ദ്ര സർക്കാരിലെ ഉദ്യോഗസ്ഥരുമായി

പോസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയിൽ ഇടപെടാൻ വേണ്ടി ചുമതലപ്പെടുത്താമെന്നുള്ളത് ഈ സഭയെയും അംഗത്തേയും പ്രത്യേകം അറിയിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ജംഗ്ഷൻ വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിലയിലുമുള്ള സഹകരണവും പിന്തുണയുമുണ്ടാകുമെന്നുള്ളതും സഭയെ അറിയിച്ചുകൊള്ളുന്നു.

8. മലപ്പുറത്ത് പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുള്ള പരാധീനതകളാണ് ഞാൻ എന്റെ ഈ സബ്മിഷനിലൂടെ പറയാൻ ആഗ്രഹിക്കുന്നത്.

മലപ്പുറം ജില്ലയിൽ വിവിധ വിഭാഗങ്ങളിൽ നിരവധി പി.ഡബ്ല്യു.ഡി. ഓഫീസുകളുടെ കുറവ് നേരിടുന്നുണ്ട്. ജില്ലയിലെ ഓരോ പി.ഡബ്ല്യു.ഡി. ഓഫീസുകളുടെ കീഴിലും വലിയ അധികാരപരിധിയും അമിത ജോലി ഭാരവുമാണുള്ളത്. ഇത് മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളേയും വികസന പ്രവർത്തനങ്ങളേയും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളേയും വിപരീതമായി ബാധിക്കുകയാണ്. ഉദാഹരണത്തിന് 1400 കിലോമീറ്റർ റോഡുള്ള ആലപ്പുഴ ജില്ലയിൽ റോഡ്

വിഭാഗത്തിന് 13 സെക്ഷനും 5 സബ് ഡിവിഷനും പ്രവർത്തിക്കുമ്പോൾ, 2375 കിലോമീറ്റർ റോഡുള്ള മലപ്പുറം ജില്ലയിൽ 11 സെക്ഷനും 4 സബ് ഡിവിഷനുമാണുള്ളത്. അതുപോലെ 9 നിയമസഭാമണ്ഡലങ്ങളുള്ള ഒരു ജില്ലയിൽ ബിൽഡിംഗ് വിഭാഗത്തിന് 11 സെക്ഷനും 4 സബ് ഡിവിഷനും ഉള്ളപ്പോൾ 16 നിയമസഭാ മണ്ഡലങ്ങളുള്ള മലപ്പുറം ജില്ലയിൽ 12 സെക്ഷനും 3 സബ് ഡിവിഷനുമാണുള്ളത്. ഇക്കാരണത്താൽ തന്നെ മലപ്പുറം ജില്ലയിൽ ആനുപാതികമായി റോഡ്, ബിൽഡിംഗ്, ബ്രിഡ്ജ് വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിക്കുനൽകിയ നിവേദനത്തിൻമേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഭരണവിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 10/8/2021-ലെ EA2-10244/2020 - നമ്പർ കത്തു പ്രകാരം മലപ്പുറം ജില്ലയിൽ രൂപീകരിക്കേണ്ട പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകളുടെ ലിസ്റ്റും സൃഷ്ടിക്കേണ്ട തസ്തികകളുമുൾക്കൊള്ളുന്ന റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് തുടർ നടപടിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പി.ഡബ്ല്യു.ഡി. ദേശീയ പാതകൾ എൻ.എച്ച്.1 ഏറ്റെടുത്തതോടെ പി.ഡബ്ല്യു.ഡി. എൻ.എച്ച്.എ.ഐ- വിഭാഗത്തിൽ ജോലി ഭാരം ഗണ്യമായി കുറയുകയും അതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.

എൻ.എച്ച്.എ.ഐ. ഓഫീസുകളുടെ ടെക്നിക്കൽ, ക്ലറിക്കൽ തസ്തികകളിൽ മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യാസം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ജില്ലയിൽ P.W.D. എൻ.എച്ച്.എ.ഐ. വിഭാഗത്തിന് മലപ്പുറം എൻ.എച്ച്. ഡിവിഷൻ, പെരിന്തൽമണ്ണ എൻ.എച്ച്. സബ്ഡിവിഷൻ, കുറ്റിപ്പുറം എൻ.എച്ച്. സബ് ഡിവിഷൻ എന്നീ ഓഫീസുകളാണുള്ളത്. ഈ ഓഫീസുകളിൽ നിന്നും ടെക്നിക്കൽ, ക്ലറിക്കൽ തസ്തികകൾ പുനർവിന്യാസം നടത്തുമ്പോൾ അധിക തസ്തികകളും മറ്റു ജില്ലകളിലേക്കാണ് മാറ്റുന്നത്. ഉദാഹരണത്തിന് ഓവർസീയർമാരുടെ 17 പോസ്റ്റുകൾ പുനർവിന്യസിച്ചപ്പോൾ 9 തസ്തികകളും ക്ലറിക്കൽ വിഭാഗത്തിൽ 16 പോസ്റ്റുകൾ പുനർവിന്യസിച്ചപ്പോൾ 8 തസ്തികകളും മറ്റു ജില്ലകളിലേക്കാണ് മാറ്റിയത്. പുനർവിന്യസിക്കുന്ന ഈ തസ്തികകൾ ഉപയോഗിച്ചുകൊണ്ട് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ മലപ്പുറം ജില്ലയിൽ റോഡ്, ബിൽഡിംഗ് വിഭാഗങ്ങളിൽ വളരെ അത്യാവശ്യമുള്ള പുതിയ ഓഫീസുകൾ രൂപീകരിക്കാവുന്നതാണ്. അതുവഴി ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് നൽകിയ പുതിയ ഓഫീസുകൾ രൂപീകരിക്കാനുള്ള ശിപാർശ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ നടപ്പിലാക്കുകയും ചെയ്യാമായിരുന്നു. അതിന് മലപ്പുറം ജില്ലയിൽ എൻ.എച്ച്. ഡിവിഷൻ, മലപ്പുറം എൻ.എച്ച്. സബ്ഡിവിഷൻ, പെരിന്തൽമണ്ണ എൻ.എച്ച്. സബ്ഡിവിഷൻ,

കുറ്റിപ്പുറം എൻ.എച്ച്. സബ്ഡിവിഷൻ, എന്നീ ഓഫീസുകളുടെ സാംഗ്ഷൻഡ് തസ്തികകളുപയോഗിച്ചുകൊണ്ട് സർക്കാരിന് ഇത് നിർവ്വഹിക്കാവുന്നതാണ്. മലപ്പുറം ജില്ലയിൽ തന്നെ അത്യാവശ്യമായ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഇതുമായി ബന്ധപ്പെട്ട് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഒപ്പം അങ്ങുതന്നെ നോഡൽ ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് എല്ലാ മണ്ഡലങ്ങളുടെ റോഡുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കുന്നതിനാണ് യോഗങ്ങൾ നടത്തുന്നത്. ആ യോഗത്തിൽ വലിയ പരാതികളാണ് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. അവർക്ക് വാഹന സൗകര്യങ്ങളില്ല. അതോടൊപ്പംതന്നെ പി.എം.എസ്., ഇ-ഓഫീസ്, സി.എം.ഒ., റിഡ്രസൽ കംപ്ലയിന്റ്, ടാസ്ക് ഫോഴ്സ് അടക്കം 16 തലങ്ങളിലുള്ള പ്രവർത്തനങ്ങൾ, ഇതിന്റെ പ്രൊമോഷനുവേണ്ടിയും ഇവാല്യവേഷനുവേണ്ടിയും അങ്ങയുടെ വകുപ്പ് നടത്തുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങൾ, വാഹനങ്ങൾ കംപ്യൂട്ടറുകൾ എന്നിവയില്ലെന്നുള്ള ഇവരുടെ പരാധീനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ 16 മണ്ഡലങ്ങളുള്ള മലപ്പുറം ജില്ലയിൽ ഒട്ടേറെ കിഫ്ബി പദ്ധതികളും വർക്കുകളും നടക്കുകയാണ്. കെ.ആർ.എഫ്.ബി.ക്ക് മലപ്പുറത്ത് ഒരു ഓഫീസുപോലുമില്ല; അത് ഷൊർണ്ണൂരാണ് ഉള്ളത്. അതുകൊണ്ട്

ഷൊർണ്ണൂരുമായി ബന്ധപ്പെടേണ്ടി വരികയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ടി വകുപ്പിന്റെ ഉന്നമനത്തിനുമായുള്ള പ്രവർത്തനങ്ങൾക്കുതകുന്ന തരത്തിലുള്ള നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ, വളരെ പ്രസക്തമായ, ഇക്കാലത്ത് ഇടപെട്ട് പോകേണ്ട ഒരു വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. അതിനുപുറമേ അഡീഷണലായി രണ്ടു കാര്യങ്ങൾ പറഞ്ഞുവെങ്കിലും ഇവിടെ ഉന്നയിച്ച സബ്മിഷനിലെ വിഷയം വളരെ പ്രസക്തമാണ്. ഒരു വകുപ്പിന്റെ താഴെത്തട്ടിലുള്ള പ്രശ്നം ഒരു സബ്മിഷനായി ചർച്ചചെയ്യാൻ തയ്യാറായ അദ്ദേഹത്തിന്റെ നിലപാടിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്; ചർച്ച ചെയ്ത് ഒരു പരിഹാരം കാണേണ്ടതുണ്ട്. പൊതുവേ നമ്മൾ ഉദ്യോഗസ്ഥരെ വേർതിരിക്കുമ്പോൾ ചിലർ കഠിനാധ്വാനികളായിരിക്കും. നന്നായി വർക്ക് ചെയ്യുന്നവരാണ് ഭൂരിപക്ഷവും, ചിലർ അലസൻമാരുമുണ്ട്. എന്നാൽ ഇവരുടെ

വർക്ക് ലോഡുകൂടി നമ്മൾ പരിശോധിക്കേണ്ടതുണ്ട്. പൊതുവേ അവരെ ഏൽപ്പിച്ച ചുമതലകൾ നിർവ്വഹിക്കേണ്ട വർക്ക് ലോഡും, അവരുടെ ഏര്യകളും പരിശോധിക്കേണ്ടതുണ്ട്. അതിന് ഈ സബ്മിഷനിലെ ചോദ്യവുമായി കണക്ട് ചെയ്യപ്പെടേണ്ടതാണ്. ഇതിലെ പ്രധാനവിഷയം ദേശീയപാത നമ്മൾ ഹാൻഡ് ഓവർ ചെയ്തതിന്റെ ഭാഗമായി മഹാഭൂരിപക്ഷം കിലോമീറ്ററുകളും ദേശീയപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ. എച്ച്. എ. ഐ. -യിലേക്ക് പോകുന്ന സ്ഥിതിയാണ്. അതിന്റെ ഡീറ്റെയിൽഡ് കണക്കിലേക്ക് ഞാൻ പോകുന്നില്ല, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നു. നിലവിൽ കേന്ദ്ര സർക്കാരിനുകീഴിൽ എൻ.എച്ച്.എ.ഐ. 1233 കിലോമീറ്റർ ആണുള്ളത്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഹൈവേ 548 കിലോമീറ്ററായി ചുരുങ്ങി. എന്നാൽ 1800 കിലോമീറ്റർ ഉണ്ടായിരുന്ന, ഇപ്പോൾ നാലിലൊന്നായി വെട്ടിച്ചുരുക്കിയ കിലോമീറ്റർ ഉള്ള സമയത്തും അതേ ഉദ്യോഗസ്ഥരെ വച്ചായിരുന്നു എൻ.എച്ച്.ന്റെ പ്രവർത്തനം നടത്തിയിരുന്നത്. 8 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പി.ഡബ്ല്യൂ.ഡി. എൻ.എച്ചിൽ അതേപോലെ നിന്നിരുന്നു. നോൺ ടെക്നിക്കൽ സ്റ്റാഫും, ടെക്നിക്കൽ സ്റ്റാഫും 1800 കിലോമീറ്റർ

ഉള്ളപ്പോൾ എങ്ങനെയായിരുന്നുവോ, അതുപോലെ തന്നെ 400 കിലോമീറ്റർ ഉള്ളപ്പോഴും നിന്നിരുന്നു. അവർക്ക് പ്രത്യേകിച്ച് പണിയൊന്നുമില്ലാതെ ഓഫീസിൽ ഇരിക്കുന്ന സ്ഥിതിയായിരുന്നു. ഇത് പരിശോധിച്ചുകൊണ്ട്, അവരെ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റുന്ന സ്ഥിതിയാണുണ്ടായത്. ഈ പ്രത്യേക വിഷയം പരിശോധിച്ചാലും നമ്മൾ കാണേണ്ട വിഷയമുണ്ട്. മലപ്പുറം ജില്ലയെപ്പറ്റി ഇവിടെ പറഞ്ഞത് വളരെ പ്രസക്തമാണ്. പൊതുവെ പൊതുമരാമത്തു വകുപ്പിൽ പരിശോധിച്ചു കഴിഞ്ഞാൽ ചില ഓഫീസുകൾ വളരെ ടൈറ്റാണ്. ചീഫ് എഞ്ചിനീയറുടെ ഓഫീസും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും വളരെ ബിസിയാണ്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിന് മുകളിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് തിരക്കില്ലാതെ, ഫ്രീയായി നിൽക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് വളരെ ഫ്രീയാണ്. അപ്പോൾ അതിലൊരു ക്രമീകരണം വരുത്തേണ്ടതുണ്ട്; അസന്തുലിതമായ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിന് വളരെ ഗൗരവതരമായ പരിശോധന പി.ഡബ്ല്യു.ഡി. മിഷൻ ഇതുമായി നടത്തി. ഒരു പ്രത്യേക ഡിസ്ട്രിക്ട് എടുത്ത് പരിശോധിച്ചാൽ

വളരെ ഗൗരവമുള്ള വിഷയമാണ് അവിടെ പറഞ്ഞിട്ടുള്ളത്. മഞ്ചേരി , പൊന്നാനി സബ്ഡിവിഷനുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുണ്ട്. മഞ്ചേരി സബ്ഡിവിഷൻ 912.96 കിലോമീറ്റർ ആണ്, പൊന്നാനി സബ്ഡിവിഷൻ അത് 266.32 കിലോമീറ്റർ മാത്രമേയുള്ളൂ, രണ്ടും സബ്ഡിവിഷനാണ്. ഒരു അസന്തുലിതമായ സ്ഥിതി പൊതുവെ കാണാൻ സാധിക്കും. ഇത് മലപ്പുറം ജില്ലയിൽ മാത്രമല്ല, പല ജില്ലകളിലുമുണ്ട്, അത് പരിശോധിക്കപ്പെടണം. മലപ്പുറം ജില്ലയിലേത് ഇവിടെ ടേക്ക് അപ്പ് ചെയ്ത വിഷയമാണ്. ഈ സാഹചര്യത്തിലാണ് ഇതുസംബന്ധിച്ച് സമഗ്രമായൊരു പഠനം നടത്താനായി ഐ.എം.ജി.യെ ചുമതലപ്പെടുത്തിയത്. അതിനുപുറമേ എല്ലാ രണ്ടാഴ്ചയും കൂടുന്ന പൊതുമരാമത്ത് വകുപ്പിന്റെ മിഷൻ ടീം വളരെ സീരിയസ്സായി ചർച്ചചെയ്ത്, അടുത്ത മീറ്റിംഗിൽ ഈ വിഷയം പ്രത്യേകമായി എടുക്കാൻവേണ്ടി പറഞ്ഞിട്ടുണ്ട്. അത് പരിഹരിക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രണ്ടുകാര്യത്തിനുകൂടി മറുപടി പറയാതെ പോകുന്നത് ശരിയല്ല. കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം (സി.എം.ടി.) സംവിധാനം

ഫലപ്രദമാണ്, അതിനെ എല്ലാപേരും പോസിറ്റീവായി അംഗീകരിക്കുന്നു. പലരുടേയും തെറ്റിദ്ധാരണ എം.എൽ.എ. മാർ ഇല്ലെങ്കിൽ അതിന്റെ യോഗം നടത്തേണ്ടതില്ലായെന്നാണ്. ഇപ്പോൾ പ്രത്യേക വിവരം നൽകിയിട്ടുണ്ട്. എം.എൽ.എ. മാരുടെ സമയം നോക്കേണ്ടതില്ല, എം.എൽ.എ.മാരുണ്ടെങ്കിലും ഇല്ലെങ്കിലും മാസത്തിലൊരിക്കൽ ഇതിന്റെ മീറ്റിംഗ് നടത്തിയേ മതിയാകൂവെന്ന നിലയിൽ പറഞ്ഞിട്ടുണ്ട്. വാഹനസൗകര്യത്തിന്റെ പ്രശ്നം സംബന്ധിച്ച് അവർ പറയുന്ന വിഷയം കറക്ടാണ്. പുതിയ വാഹനം വാങ്ങുന്നത് അത്രത്തോളം പ്രായോഗികമല്ല. പക്ഷെ, അവിടെ ഞങ്ങൾ പരിശോധിച്ചപ്പോൾ പല വാഹനങ്ങളും വെറുതെ കിടക്കുന്ന സ്ഥിതിയാണ്. അതിന്റെയൊരു കണക്കെടുത്തുകൊണ്ട് ഡിവൈഡ് ചെയ്ത് പോകുന്ന സ്ഥിതിയാണ്. ഇപ്പോൾ വാഹനങ്ങൾ നൽകാൻവേണ്ടി പൊതുവേ തീരുമാനിച്ചിട്ടുണ്ട്. ആ വിവരം സഭയെ അറിയിക്കുകയാണ്. മലപ്പുറത്ത് കെ.ആർ.എഫ്.ബി.-യുടെ ഒരു ഓഫീസ് വേണമെന്നുള്ളത് ന്യായമായ കാര്യമാണ്. അത് പരിശോധിക്കപ്പെടുന്ന വിഷയംതന്നെയാണ്, ആ നിലയിൽ കാണാവുന്നതാണ്. എന്തായാലും വകുപ്പിന്റെ ഗ്രൗണ്ട് ലെവലിലുള്ള കാര്യങ്ങളെ കൂടുതൽ സജീവമാക്കാനും

ഉദ്യോഗസ്ഥരെ പരമാവധി ഫീൽഡിലിറക്കാനും വേണ്ടിയുള്ള വളരെ ക്രിയേറ്റീവായുള്ള ഒരു ഇഷ്യൂ, സബ്മിഷനിൽ കൊണ്ടുവന്നതിനെ ഒരിക്കൽക്കൂടി പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 9. വണ്ടിപ്പെരിയാർ-ഏലപ്പാറ റോഡിന്റെ പുനരുദ്ധാരണം

ശ്രീ. വാഴൂർ സോമൻ: സർ, പീരുമേട് മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു റോഡിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടുക്കി ജില്ലയിലെ പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ-പശുമല-പ്ലാമല-തേങ്ങാക്കൽ-കിഴക്കേപുതുവൽ-കോഴിക്കാനം-ഏലപ്പാറ റോഡ് കഴിഞ്ഞ 12 വർഷമായി അറ്റകുറ്റപ്പണികൾ നടത്താതെ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിവിശേഷത്തിലാണുള്ളത്. 37 കി. മീ. നീളംവരുന്ന പ്രസ്തുത റോഡ് വണ്ടിപ്പെരിയാറിലെ ദേശീയപാത 183 (NH-183)-ൽ കെ. കെ. റോഡിൽനിന്നും തിരിഞ്ഞ് തിരുവിതാംകൂറിലെ ഏറ്റവും പഴക്കംചെന്ന ക്ഷേത്രമായ അയ്യപ്പൻകോവിൽ വഴി തോട്ടംമേഖലയായ ചിറക്കുളം, പശുമല, ചന്ദ്രവനം, മ്ലാമല, തേങ്ങാക്കൽ എന്നീ എസ്റ്റേറ്റുകളിലൂടെ പോകുന്നതിനാൽ ഇവിടങ്ങളിലെ പതിനായിരത്തോളം ജനങ്ങൾ സഞ്ചാരത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ്.

വണ്ടിപ്പെരിയാറിൽനിന്നും തേങ്ങാക്കൽ വഴി ഏലപ്പാറ മലയോര ഹൈവേയിൽ എത്തിയാൽ വാഗമൺ-തൊടുപുഴ വഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്നതുമാണ്. അതുപോലെതന്നെ വണ്ടിപ്പെരിയാർ-മ്ലാമല-പൂണ്ടിക്കുളം-ചപ്പാത്ത്-കട്ടപ്പന വഴി മൂന്നാറിലേയ്ക്ക് ഏറ്റവും എളുപ്പത്തിൽ ഈ റോഡിലൂടെ എത്തിച്ചേരാൻ സാധിക്കും. നിലവിൽ 8 കി. മീ വീതിയുള്ള റോഡ് 10 വർഷങ്ങൾക്കുമുമ്പ് പി.എം.ജി.എസ്.വൈ (Pradhan Mantri Gram Sadak Yojana) പദ്ധതിയിൽ ഉൾപ്പെടുത്തി കുറേയേറെ ഭാഗം പണി നടത്തിയിട്ടുള്ളതാണ്. പീരുമേട് മണ്ഡലത്തിൽ വെറും 209 കി. മീ. മാത്രമാണ് പി.ഡബ്ല്യൂ.ഡി. റോഡുള്ളത്. അതിൽത്തന്നെ 89.86 കി.മീ. സംസ്ഥാന പാതയും 119.66 കി.മീ. മേജർ ഡിസ്ട്രിക്ട് റോഡുമാണ്. ആലപ്പുഴ ജില്ലയോളം വലുപ്പംവരുന്ന പീരുമേട് മണ്ഡലത്തിലെ തോട്ടം മേഖലയിലെ പ്രധാന റോഡുകൾ കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്തിവന്നിരുന്നത് തോട്ടം ഉടമകളാണ്. പക്ഷേ കഴിഞ്ഞ 20 വർഷക്കാലമായി തോട്ടം മേഖലയിലെ പ്രതിസന്ധിയെത്തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കാൽനടയാത്രയ്ക്കുപോലും യോഗ്യമല്ലാത്ത

അവസ്ഥയിലാണ് മിക്ക റോഡുകളുമുള്ളത്. 2022-23 സംസ്ഥാന ബഡ്ജറ്റിൽ ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ ആവശ്യപ്പെടുകയും ബഡ്ജറ്റ് ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. പീരുമേട് മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ വണ്ടിപ്പെരിയാർ - പശുമല - മ്ലാമല - തേങ്ങാക്കൽ - കിഴക്കേപുതുവൽ - കോഴിക്കാനം-ഏലപ്പാറ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ഒട്ടനവധി എം.എൽ.എ.-മാർ അവരുടെ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംമറ്റും നിർമ്മിച്ച റോഡുകൾ ഇതുപോലെ, പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കണമെന്നുള്ള അഭിപ്രായം പറയാറുണ്ട്. പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ-പശുമല-മ്ലാമല - തേങ്ങാക്കൽ - കിഴക്കേപുതുവൽ - കോഴിക്കാനം - ഏലപ്പാറ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട വാഴൂർ സോമൻ, എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. റോഡുകൾ

ഏറ്റെടുക്കണമെന്ന നിരവധി ആവശ്യങ്ങൾ ഒട്ടേറെ എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. കേരളത്തിൽ 238773 കി. മീ. റോഡുകളാണുള്ളത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത് 29522 കി. മീ. റോഡുകളാണ്. നമ്മുടെ സംസ്ഥാനത്തെ രണ്ട് ലക്ഷം കി.മീ. ദൂരത്തിലധികം റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ല എന്നുള്ളതാണ് ഈ കണക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിലവാരമുയർത്തി നിർമ്മിക്കുന്നതിനാണ് ഇപ്പോൾ മുൻതൂക്കം നൽകുന്നത്. ഇപ്പോൾ ഏറ്റവും ഗുണനിലവാരമുള്ള നിർമ്മാണരീതി BM&BC (Bituminous Macadam & Bituminous Concrete) സംവിധാനമാണ്. എന്നാൽ അതിന് സാമ്പത്തിക ചെലവ് വളരെ കൂടുതലാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകൾ നൂറുശതമാനവും BM&BC ആകണമെന്നാണ് വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ ആഗ്രഹമെങ്കിലും സാമ്പത്തികം ഇതിൽ ഒരു വലിയ പ്രയാസമാണ്. എന്നാലും ഇത്തവണ സർക്കാർ അൻപത് ശതമാനത്തിലധികം പൊതുമരാമത്ത് റോഡുകൾ BM&BC രൂപത്തിലാക്കാനുള്ള ശ്രമത്തിലാണ്. അക്കാര്യം ലക്ഷ്യത്തിലേയ്ക്കെത്തും എന്നുതന്നെയാണ് പൊതുവേ

കണക്കാക്കുന്നത്. ഓരോ വർഷവും എത്ര കി. മീ. റോഡുകൾ BM&BC രീതിയിൽ പ്രവൃത്തി നടത്തണമെന്ന് നിശ്ചയിച്ചുകൊണ്ടാണ് മുമ്പോട്ടുപോകുന്നത്. അതോടൊപ്പം നമ്മുടെ കാലാവസ്ഥയും പരിഗണിക്കേണ്ടതുണ്ട്. വർഷത്തിൽ ഭൂരിപക്ഷം മാസങ്ങളിലും മഴ പെയ്യുന്നുണ്ട്. റോഡിലെത്തുന്ന വെള്ളം ഒഴുകിപ്പോകാനുള്ള ഡ്രെയിനേജ് സംവിധാനം നിലവിൽ പരിമിതമാണ്, അക്കാര്യം മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമാണ്. അത്തരം വിഷയങ്ങളെല്ലാം പരിഹരിക്കുന്നതിനാണ് ഇപ്പോൾ പൊതുവെ മുൻതൂക്കം നൽകിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത റോഡുകൾ വകുപ്പ് ഏറ്റെടുക്കണമെന്ന് പറയുന്നതുതന്നെ പി.ഡബ്ല്യൂ.ഡി.-ക്കുള്ള അംഗീകാരമാണ്. പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളിലെ ഒറ്റപ്പെട്ട ചില സംഭവങ്ങളെ പർവ്വതീകരിക്കുന്നതാണ് ഇന്നത്തെ കാലം. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മഹാഭൂരിപക്ഷം റോഡുകളും വളരെ നല്ലതാണ്. പക്ഷേ റോഡുകൾ എല്ലാംതന്നെ പരിപൂർണ്ണമായും നന്നായിവരേണ്ടതുണ്ട്. അങ്ങനെയുള്ളകാലത്തും പൊതുമരാമത്ത് വകുപ്പുതന്നെ റോഡുകൾ ഏറ്റെടുക്കണമെന്ന് ഭരണ/പ്രതിപക്ഷ എം.എൽ.എ.-

മാർ ഒരുപോലെ പറയുന്നതുതന്നെ പി.ഡബ്ല്യൂ.ഡി.-യോടുള്ള ഒരു വിശ്വാസ്യതയാണെന്ന സന്തോഷം ഇവിടെ പങ്കുവയ്ക്കാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾ നൂറുശതമാനം കുറ്റമറ്റതാക്കാനുള്ള കഠിനശ്രമം നടത്തുന്ന ഈ കാലത്ത് മറ്റ് റോഡുകൾകൂടി ഏറ്റെടുക്കുന്നതിൽ സാമ്പത്തിക പ്രശ്നമുണ്ടെന്നതാണ് ദൗർഭാഗ്യവശാൽ ആ കാര്യത്തിൽ അനുഭവപ്പെടുന്ന പ്രയാസം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയെന്ന പ്രശ്നത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ മുൻനിർത്തിപ്പോകുന്ന ഒരു സമയമാണ് പി.ഡബ്ല്യൂ.ഡി.-യെ സംബന്ധിച്ചിടത്തോളം ഇതെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 10. കോഴിക്കോട് ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഏറ്റവും വലിയ ആശുപത്രിയാണ് ഗവൺമെന്റ് ജനറൽ ആശുപത്രി. 550 കിടക്കകളുള്ളതും ഒരു ദിവസം ഏകദേശം മൂവായിരത്തിലധികം ഔട്ട് പേഷ്യന്റ് സംവിധാനത്തിൽ രോഗികൾ എത്തിപ്പെടുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണിത്.

ബീച്ചാശുപത്രി എന്നാണ് ഇത് പ്രത്യേകമായി അറിയപ്പെടുന്നത്. കോർപ്പറേഷൻ പരിധിയിൽമാത്രം ഏകദേശം 25 കി. മീ. കടലോരമുള്ള ഒരു പ്രദേശത്തിന്റെ മധ്യത്തിലായാണ് കടലോരമേഖലയിലെ പ്രസ്തുത ആശുപത്രി സ്ഥിതിചെയ്യുന്നത്. നിരവധിയാളുകൾ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണിത്. തസ്തികകളുടെ പഴയകാല സ്ട്രെങ്ത് അനുസരിച്ചുതന്നെ നിരവധി ഒഴിവുകൾ നികത്തപ്പെടാതെ ഈ ആശുപത്രിയിലുണ്ട്. പുതിയതായി ധാരാളം സംവിധാനങ്ങൾ ഈ ആശുപത്രിയിൽ ഒരുക്കിയിട്ടുമുണ്ട്. ഈ വിഷയങ്ങളെല്ലാം കണക്കിലെടുത്ത് കഴിഞ്ഞ ഗവൺമെന്റ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നെങ്കിലും ഇതുവരെ പ്രസ്തുത മാസ്റ്റർപ്ലാനിന് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല, അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. അവിടെയുള്ള പഴയ കെട്ടിടങ്ങളെല്ലാം പൊളിച്ചുമാറ്റുകയും ആവശ്യമായ അനുബന്ധകാര്യങ്ങൾ ഒരുക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ്, കാർഡിയോളജി ഐ.സി.യു., കാർഡിയോളജി വാർഡ്

എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് എൻ.എച്ച്.എം. മുഖേന കരാറടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിശ്ചയിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. ഒരു വർഷംകൊണ്ട് പ്രസ്തുത വിഭാഗത്തിൽ 478 ആൻജിയോപ്ലാസ്റ്റിയും ആയിരത്തിലധികം ആൻജിയോഗ്രാമും ഈയൊരു ഡോക്ടർമാത്രം ചെയ്തിട്ടുണ്ട്. അവിടെ പി.എസ്.സി. മുഖാന്തരം ഒരു കാർഡിയോളജിസ്റ്റിന്റെയും നാല് അസിസ്റ്റന്റ് സർജന്മാരുടെയും സ്ഥിരം തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. നിലവിൽ ശമ്പളം കൊടുക്കുന്നത് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി മുഖേനയാണ്. ന്യൂറോളജി വിഭാഗത്തിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലും ആവശ്യമായ നേഴ്സ്മാരേയും രണ്ട് ജൂനിയർ ഡോക്ടർമാരേയും നിയമിക്കേണ്ടതുണ്ട്. സാധാരണനിലയിൽ വാർഡുകൾ ഐ.സി.യു. ആക്കിമാറ്റിയതിനാൽ പ്രത്യേക ജീവനക്കാരെ ആവശ്യമുണ്ട്. കൂടാതെ സൂപ്രണ്ടിന്റെ ഒഴിവുവന്നിട്ടും കുറച്ചുകാലമായി. നിലവിൽ സൂപ്രണ്ട് ഇല്ലാത്തതിനാൽ വളരെയധികം പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഒരു മെഡിക്കൽ കൺസൽട്ടന്റിന്റെയും ആവശ്യമുണ്ട്. അനസ്തേഷ്യാ ടെക്നീഷ്യൻ തസ്തിക ഒന്നുള്ളത് ഒഴിഞ്ഞുകിടക്കുകയാണ്. തിയേറ്റർ മെക്കാനിക്കിന്റെ ഒരു

തസ്തികയുള്ളതും റേഡിയോളജി ടെക്നീഷ്യന്റെ ആകെയുള്ള മൂന്ന് തസ്തികകളും എക്സ്-റേ ടെക്നീഷ്യന്റെ നിലവിലുള്ള രണ്ട് തസ്തികളും ഒഴിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ വിവിധങ്ങളായ തസ്തികകളോടൊപ്പം അഞ്ച് ധോബികളുടെ തസ്തികയുള്ളത് അഞ്ചും ഒഴിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ നിരവധി ഒഴിവുകൾ കാലങ്ങളായി നികത്തപ്പെടാതെ കിടക്കുകയാണ്. കഴിഞ്ഞ ശനിയാഴ്ച നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അവിടെയുള്ള പുതിയ മൂന്ന് വാർഡുകൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഏകദേശം 60 ലക്ഷത്തോളം രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിച്ച ഏറ്റവും ആധുനിക രീതിയിലുള്ള പീഡിയാട്രിക് ഐ.സി.യു., പീഡിയാട്രിക് വാർഡ്, ജറിയാട്രിക് വാർഡ് എന്നിവയുടെ ഉദ്ഘാടനമാണ് അന്ന് നടന്നിട്ടുള്ളത്. പ്രായപ്പെട്ട ആളുകൾക്ക് ചികിത്സ ലഭ്യമാക്കാനായി 9 കിടക്കകളുള്ള ഒരു പ്രത്യേക വാർഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഒ.പി.-യിൽ ഒരു ട്രാൻസ്മിഷൻ വാർഡ്കൂടി തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ ഏറ്റവും നല്ലനിലയിൽ പരിപാലിച്ചുപോരുന്ന ഒരു ആശുപത്രിയാണിതെന്ന് മന്ത്രിതന്നെ കണ്ടതാണ്. ഈ സംവിധാനത്തിന്റെയെല്ലാം പ്രവർത്തനാവശ്യത്തിലേയ്ക്കായി പുതിയ തസ്തികകൾ

അനുവദിക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എന്നാൽ ധനകാര്യ വകുപ്പിലേയ്ക്ക് വരുമ്പോൾ ഇതെല്ലാം അനുവദിക്കപ്പെടുന്നില്ലെന്നത് ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ആശുപത്രികളിൽ പുതിയ വിഭാഗങ്ങൾ തുടങ്ങിയതുകൊണ്ടുമാത്രം കാര്യമില്ല, അവിടേയ്ക്കാവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ട ആവശ്യമുണ്ട്. ചില പി.എച്ച്.സി.-കളിൽ കാർഡിയോളജി എം.ഡി. (ഡി.എം.) യോഗ്യതയുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്. എന്നാൽ അവരുടെ സേവനം ആവശ്യമുള്ളത് ഇത്തരം കാത്ത് ലാബുകളിലാണ്. അങ്ങനെ നിയമിച്ചവരെ മാറ്റി ഇതുപോലുള്ള സ്ഥലങ്ങളിൽ നിയമിക്കേണ്ടതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് ഏറ്റവും ഭാരംകുറയ്ക്കാൻ സഹായിക്കുന്ന ആശുപത്രിയാണിത്. ഏകദേശം മൂവായിരത്തിൽ കൂടുതൽ രോഗികൾ ഈ ആശുപത്രിയിൽ ദിവസേന എത്തുന്നുണ്ടെന്നതിനാൽ ആവശ്യമായ കാര്യങ്ങൾ ചെയ്തുതരാൻ ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യങ്ങളെല്ലാം നേരിൽ കണ്ടതാണ്. അതുകൊണ്ടുതന്നെ ഈ പ്രശ്നങ്ങളെല്ലാം ഏതുവിധേനയെങ്കിലും പരിഹരിക്കുന്നതിനായി പുതിയ പോസ്റ്റുകൾ

അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ദയകൂടി ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രി ബീച്ച് ആശുപത്രി എന്നാണ് അറിയപ്പെടുന്നത്. അവിടെ പ്രതിദിനം ശരാശരി രണ്ടായിരത്തി അഞ്ഞൂറോളം ഒ.പി. പേഷ്യന്റ്സാണ് എത്തുന്നത്. നിലവിൽ ശരാശരി 250 ഐ.പി.-യാണ് അവിടെയുള്ളത്. അറുന്നൂറോളം പേരാണ് കാഷ്വാലിറ്റിയിൽ എത്തുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കൊപ്പം ഞാൻ ഈ ആശുപത്രി സന്ദർശിച്ചിരുന്നു. ഈ സർക്കാരിന്റെ ആദ്യവർഷം അനുവദിച്ച 1 കോടി 37 ലക്ഷം രൂപ ഉപയോഗിച്ച് അവിടെ വളരെ മനോഹരമായ അത്യാധുനികരീതിയിലുള്ള പീഡിയാട്രിക് ഐ.സി.യു.-വും ഹൈ ഡിപ്പെൻഡൻസി യൂണിറ്റും പീഡിയാട്രിക് വാർഡും പൂർത്തീകരിച്ചു. അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. 20 ലക്ഷം രൂപ മുടക്കി നവീകരിച്ച ജറിയാട്രിക് വാർഡിന്റെയും ഒന്നേകാൽ കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഒ.പി. ട്രാൻസ്മിഷൻ ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. നിലവിൽ കിഫ്ബിയിലൂടെ ഈ ആശുപത്രിയുടെ വികസനത്തിനുവേണ്ടി പണം അനുവദിച്ചിട്ടുണ്ട്. 86 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്.

അവിടെയിപ്പോൾ demolish വർക്കാണ് നടക്കുന്നത്. കെട്ടിടങ്ങൾ അവിടെനിന്ന് demolish ചെയ്തുകഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ സ്ഥിരം ജീവനക്കാരുടെ 448 അംഗീകൃത തസ്തികകളാണ് നിലവിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം., എച്ച്.ഡി.സി. മുഖേനയും നിയമിച്ചിട്ടുള്ളവരുൾപ്പെടെ ആകെ 580 ജീവനക്കാർ അവിടെ ജോലി ചെയ്യുന്നുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ-1, ഡെപ്യൂട്ടി സൂപ്രണ്ട്-1, ആർ.എം.ഒ.-1, കൺസൾട്ടന്റ്-3 എന്നുതുടങ്ങുന്ന നീണ്ടനിരയിലുള്ള തസ്തികകളാണ് അവിടെയുള്ളത്. ഞാൻ വിശദമായ ലിസ്റ്റ് വായിക്കുന്നില്ല. ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ 59 അംഗീകൃത തസ്തികകളുണ്ട്. മൂന്ന് ഡോക്ടർമാരുടെ തസ്തികകളിൽമാത്രമാണ് നിലവിൽ അവിടെ ഒഴിവുള്ളത്. അത് നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നേഴ്സ്, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ, മറ്റ് വിഭാഗങ്ങളിലായി 389 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. ഈ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ-1, ജൂനിയർ കൺസൾട്ടന്റ് റേഡിയോ ഡയഗനോസിസ്-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഡയാലിസിസ് ടെക്നീഷ്യൻ-3, എക്സ്റേ അറ്റൻഡർ-1, മെഡിക്കൽ റെക്കോർഡ്സ് അറ്റൻഡന്റ്-1,

ഫാർമസി സ്റ്റോർ കീപ്പർ-1, ലാബ് ടെക്നീഷ്യൻ-4 എന്നിങ്ങനെ അടുത്ത കാലത്തായി പതിനാല് തസ്തികകളും സൃഷ്ടിച്ചിരുന്നു. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യംവഴി കാർഡിയോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ആരോഗ്യ കേരളത്തിൽനിന്നാണ് അവർക്ക് ശമ്പളം നൽകുന്നത്. മെഡിക്കൽ ഓഫീസർ-3, ദന്തൽ സർജൻ-1, സ്റ്റാഫ് നേഴ്സ്-8 തുടങ്ങിയ 53 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാണ്. എച്ച്.ഡി.സി. മുഖാന്തരം 51 താൽക്കാലിക ജീവനക്കാരുടെയും KASP ഫണ്ടുപയോഗിച്ച് 28 താൽക്കാലിക ജീവനക്കാരുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള, മുമ്പ് സൂചിപ്പിച്ച മൂന്ന് ഡോക്ടർമാരുടെ തസ്തികളിൽ സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിനുവേണ്ടി ഡി.പി.സി. കൂടിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് തയ്യാറാക്കി അതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-I പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനസ്തേഷ്യ ടെക്നീഷ്യൻ, തീയേറ്റർ മെക്കാനിക്, ഡയാലിസിസ് ടെക്നീഷ്യൻ എന്നിങ്ങനെയുള്ള ഒഴിവുകളിൽ, പ്രസ്തുത തസ്തികകൾക്കുള്ള യോഗ്യതയും നിയമന രീതിയുംകൂടി തീരുമാനിക്കേണ്ടതായിട്ടുണ്ട്. അത് തീരുമാനിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നുള്ള നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. ഇതുകൂടാതെ ക്ലർക്ക്-ടൈപ്പിസ്റ്റ് -1, ആശുപത്രി അറ്റൻഡർ ഗ്രേഡ്-II -2, പാർട്ട് ടൈം ക്ലീനർ-9 എന്നീ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലിസ്റ്റ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ബാക്കിയുള്ള തസ്തികകളിലെല്ലാം ജില്ലയിൽത്തന്നെ ഡി.എം.ഒ. നിയമിക്കേണ്ടതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ആഗസ്റ്റ് മാസത്തിൽത്തന്നെ അതിന്റെ നടപടികൾ പൂർത്തിയാകുമെന്നാണ് ഡി.എം.ഒ. ഓഫീസിൽനിന്ന് ലഭ്യമാക്കിയിരിക്കുന്ന വിവരം. സ്ഥിരം തസ്തികകളിലുണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകളിൽ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, പി.എസ്.സി. നിയമനംവഴി നികത്തപ്പെടുന്നതുവരെ അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. മുഖാന്തരം നിയമിക്കുന്നതിനുള്ള നടപടികൾ അതാത് സമയങ്ങളിൽ പതിവുപോലെ സ്വീകരിച്ചുവരുന്നുണ്ട്. പാരാമെഡിക്കൽ, മറ്റ് വിഭാഗം ജീവനക്കാരുടെ ഒഴിവുകളുണ്ടായാൽ സ്ഥിരം നിയമനമുണ്ടാകുന്നതുവരെ നടപടിക്രമങ്ങൾ പാലിച്ച് താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഓരോ ആശുപത്രിയിലും രോഗികളുടെ ലോഡ് അനുസരിച്ചും രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ചും അത്

കണക്കിലെടുത്തുകൊണ്ട് ആവശ്യമായുള്ള ആരോഗ്യ പ്രവർത്തകരെ തസ്തികകൾ സൃഷ്ടിച്ചും അല്ലാതെയും നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നത്.